"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അഗ്നിരക്ഷാസേവനം-തിരുവനന്തപുരം ജില്ലാ ഫയർ ഓഫീസിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്തു വരുന്ന ശ്രീ.അരുൺ കുമാർ. ഡി.എസ്-ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1485/2026/HOME തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:-
1. ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 08.04.2026 &10.02.2026 തീയതിയിലെ FIREHQ/1765/2022-E3 നമ്പർ കത്തുകൾ
2. സ.ഉ(കൈ) നം.19/05/ആഭ്യന്തരം തീയതി 04.07.2005

**<u>ഉത്തരവ്</u>**

അഗ്നിരക്ഷാസേവനവകുപ്പിൽ തലശ്ശേരി അഗ്നിരക്ഷാ നിലയത്തിൽ ഫയർ &റെസ്ക്യൂ ഓഫീസറായിരുന്ന ശ്രീ.അരുൺ കുമാർ. ഡി.എസ്-ന്റെ വലത് തുടയെല്ല്, 01.01.2003-ൽ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുമ്പോഴുണ്ടായ അപകടത്തെത്തുടർന്ന് ഒടിയുകയും തുടർന്ന് ഫയർ &റെസ്ക്യൂ ഓഫീസർ ജോലിയിൽ തുടരുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ പരാമർശം (2) പ്രകാരം ക്ലർക്കായി തസ്തികമാറ്റം വഴി നിയമനം നൽകുകയും ചെയ്തിരുന്നു.

2. ശ്രീ.അരുൺ കുമാർ. ഡി.എസ് 01.08.2014-ൽ ഡ്യൂട്ടി കഴിഞ്ഞ് ചാക്ക അഗ്നിരക്ഷാ നിലയത്തോടനുബന്ധിച്ചുള്ള ഫാമിലി ക്വാർട്ടേഴ്സിൽ വീണ് വലത് തുടയെല്ലിന് വീണ്ടും പരിക്കേറ്റതിനെത്തുടർന്ന് 02.08.2014 മുതൽ അവധിയിലാകുകയും കാലിനുണ്ടായ അണുബാധയെ തുടർന്ന് കാൽ മുറിച്ച് മാറ്റുകയും, മെഡിക്കൽ അവധി കഴിഞ്ഞ് കണ്ണൂർ ജില്ലാ ഫയർ ഓഫീസിൽ നിലവിലുണ്ടായിരുന്ന ക്ലർക്ക് ഒഴിവിൽ അദ്ദേഹത്തെ പുനഃപ്രവേശിപ്പിക്കുകയുമുണ്ടായി. 01.07.2025 മുതൽ തിരുവനന്തപുരം ജില്ലാ ഫയർ ഓഫീസിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്തു വരികയാണെന്നും 02.08.2014 മുതൽ 07.12.2014 വരെയുള്ള 128 ദിവസം ആർജ്ജിതാവധിയായും, 08.12.2014 മുതൽ 12.01.2015 വരെയുള്ള 36 ദിവസം പരിവർത്തിതാവധിയായും അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ലീവ് അക്കൗണ്ട് ക്രെഡിറ്റിൽ മറ്റ് അവധികളൊന്നും അവശേഷിച്ചിട്ടില്ലാത്തതിനാൽ, ശ്രീ.അരുൺ കുമാർ. ഡി.എസ്-ന് 13.01.2015 മുതൽ 30.06.2025 വരെയുള്ള കാലയളവിലേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷ ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (1) കത്ത് പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അരുൺ കമാർ ഡി.എസ്-ന് 13.01.2015 മുതൽ 30.06.2025 വരെ, പ്രസ്തുത കാലയളവ് ആർജ്ജിത അവധിയ്ക്ക്

പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.അരുൺ കുമാർ. ഡി.എസ്, ക്ലർക്ക്, ജില്ലാ ഫയർ ഓഫീസ്, തിരുവനന്തപുരം (ഡയറക്ടർ ജനറൽ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്.(3453455/EXP-B4/52/2026-FIN dated 01.04.2026)
5. വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ratheesh G R
സെക്ഷൻ ഓഫീസർ
Date: 28-04-2026 16:24:27